"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- കാസർഗോഡ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ. വേണുഗോപാലൻ നായർ.എ.യുടെ നിരീക്ഷണ കാലയളവ് ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1815/2025/LSGD തീയതി,തിരുവനന്തപുരം, 23-07-2025

---

പരാമർശം:-
1. തദ്ദേശസ്വയംഭരണ വകുപ്പ് കാസർഗോഡ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ 15.05.2025 തിയതിയിലെ LSGD/JD/KSD/1509/2025-A1 നമ്പർ ഉത്തരവ്.
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 12.07.2025 തിയതിയിലെ LSGD/PD/17149/2025-DEC4 നമ്പർ കത്ത്.

**ഉത്തരവ്**

മുനിസിപ്പൽ കോമൺ സർവ്വീസിൽ ബൈട്രാൻസ്ഫർ മുഖേന ക്ലാർക്ക് തസ്തികയിൽ നിയമനം ലഭിച്ച് 23.10.2014 തീയതിയിൽ ടി തസ്തികയിൽ ജോലിയിൽ പ്രവേശിച്ച ശ്രീ. വേണുഗോപാലൻ നായർ.എ. ടി തസ്തികയിൽ നിരീക്ഷണകാലം വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിയ്ക്കുന്നതിനാവശ്യമായ എം.ഒ.പി. ടെസ്റ്റ് 14.10.2024 തീയതിയിൽ പാസ്സായിട്ടുള്ളതാണ് എന്നതിനാൽ പരീക്ഷ പാസ്സായ തീയതിക്ക് അനുസൃതമായി ടിയാളുടെ നിരീക്ഷണ കാലയളവ് കെ.എസ്.& എസ്.എസ്.ആർ ജനറൽ റൂൾ 21 പ്രകാരം ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം 2 പ്രകാരം പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്തിരുന്നു.

2. 23.10.2014-ൽ ക്ലാർക്ക് തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ. വേണുഗോപാലൻ നായർ.എ. ടി തസ്തികയിൽ 2 വർഷ ഡ്യൂട്ടി പൂർത്തിയായതിന്റെ തൊട്ടടുത്തദിവസം മുതൽ ഒരു വർഷത്തേക്ക് (27.10.2016 മുതൽ 26.10.2017വരെ) ടിയാളുടെ നിരീക്ഷണകാലം, പരാമർശം 1 പ്രകാരം ദീർഘിപ്പിച്ചു ഉത്തരവായിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുനിസിപ്പൽ കോമൺ സർവ്വീസിൽ 23.10.2014 ൽ എൽ.ഡി.ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച വേണുഗോപാലൻ നായർ.എ. 14.10.2024ൽ നടന്ന പരീക്ഷയിലാണ് ടി തസ്തികയിൽ നിരീക്ഷണകാലം വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനാവശ്യമായ എം.ഒ.പി.പരീക്ഷ പാസ്സായത് എന്നതിനാൽ ടിയാളുടെ നിരീക്ഷണകാലം 15.10.2024 പൂർവ്വാഹ്നത്തിൽ വിജയകരമായി പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കാൻ സാധിക്കത്തക്ക രീതിയിൽ, നിയമനാധികാരി നിരീക്ഷണകാലം ദീർഘിപ്പിച്ചു നൽകിയ തീയതിയുടെ തൊട്ടടുത്ത ദിവസമായ 27.10.2017 മുതൽ 16.10.2024 വരെ, KS&SSRs, Part II

ചട്ടം 21 പ്രകാരം നിരീക്ഷണകാലം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
LALI K
ജോയിന്റ് സെക്രട്ടറി

തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
വേണുഗോപാലൻ നായർ.എ. ക്ലർക്ക്, ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം,
കാസർഗോഡ് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
തദ്ദേശസ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ, കാസർഗോഡ് (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 25-07-2025 10:53:04
സെക്ഷൻ ഓഫീസർ